വ്യവസായ നാദം
OFFICIAL NEWS BULLETIN OF KSSIA, KOTTAYAM UNIT

VOL. 4 ISSUE 10
**DECEMBER 2010**

**Chief Editor**
**Dr. T.C. Joseph**
(President, KSSIA, Kottayam)

Editorial Board Members
**Abraham Kuriakose**
**K. Dilip Kumar**
**James Immanuel**
**Benoy Kurian**
**Xavier Thomas Kondody**
**Dr. George P. Thomas**

**THE KERALA STATE SMALL INDUSTRIES ASSOCIATION (KSSIA) KOTTAYAM DISTRICT UNIT**
No. XIV/105/A
Kottayam Municipal Industrial Estate
Kodimatha, Kottayam-686 039
Phone: 2309731, 9446083561
Phone & Fax: 2567570
**www.kssiakottayam.com**
E-mail:
**ktmsmallind@bsnl.in**
**kssiaindustries@yahoo.co.in**

Designing, Typesetting & Printing
**3King, Ktm-1**
# 256 9180, 944 777 9180

**ഇൻഡക്സ് 2011**

**അഖിലേന്ത്യാ വ്യവസായ വാണിജ്യമേള**

**2011 സെപ്റ്റംബർ 30 മുതൽ**
**ഒക്ടോബർ 6 വരെ**
**കോട്ടയം മാമ്മൻമാപ്പിള ഹാളിൽ**

* വമ്പിച്ച ഉത്പാദന ഉപഭോക്തൃ സംഗമം
* ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മുൻഗണന.
* ഗവൺമെന്റ് ഏജൻസികൾ ധനകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തം
* സ്റ്റാൾ ബുക്കിംഗ്, പരസ്യം എന്നിവയ്ക്ക് ബന്ധപ്പെടുക.

**ഫോൺ: 0481 - 2567570**

# നാളേയ്ക്കായി ജാഗ്രത...



**എഡിറ്റോറിയൽ**

**വ്യ**ക്തി, കുടുംബം, സമൂഹം എന്ന ത്രിതല സാമൂഹികഘടനയിൽ വ്യക്തികളുടെ കരുതൽ സുരക്ഷിതമായ കുടുംബത്തേയും സുരക്ഷിതമായ കുടുംബം കെട്ടുറപ്പുള്ള സമൂഹത്തേയും സൃഷ്ടിക്കുന്നു.

അംഗങ്ങളുടെ സുരക്ഷയ്ക്കുവേണ്ടിയാണല്ലോ കെ.എസ്.എസ്.ഐ.എ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങിയത്. 2010 നവംബർ 24-ാം തീയതി തിരുവനന്തപുരം ജില്ലയിൽ എസ്.എൻ. റബ്ബർ ഇൻഡസ്ട്രീസ് ഉടമ ശ്രീ. സുകുമാരൻനായരുടെ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ അവകാശികൾക്ക് 8 ലക്ഷം രൂപ ധനസഹായം നൽകി. അന്നു നടന്ന പൊതുസമ്മേളനത്തിൽ ധനമന്ത്രി ഡോ. തോമസ് ഐസക്കിന്റെയും വ്യവസായമന്ത്രി ശ്രീ. എളമരം കരീമിന്റേയും പ്രസംഗത്തിൽ നമ്മുടെ സുരക്ഷാപദ്ധതി ഗവൺമെന്റ് ഗൗരവമായി കാണുന്നു എന്നു മനസിലാക്കുവാൻ സാധിച്ചു. ഭാവിയിൽ എസ്.എസ്.ഐ രജിസസ്ട്രേഷൻ കൊടുക്കണമെങ്കിൽ കെ.എസ്.എസ്.എഫ് മെമ്പറായിരിക്കണം എന്നു നിബന്ധനകൊണ്ടുവരാൻ ശ്രമിക്കുന്നതായി വ്യവസായമന്ത്രി അറിയിച്ചു. ധനമന്ത്രിയും കെ.എസ്.എസ്.എഫ്നു വേണ്ട സഹായങ്ങൾ ചെയ്യുമെന്നും അറിയിച്ചു. പെൻഷൻ സ്കീമിന്റെ ആലോചന നൽകുകയും ചെയ്തു. അസോസിയേഷനും ഗവൺമെന്റും ഇത്രയേറെ അംഗങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ഈ പദ്ധതി നടപ്പാക്കിയിട്ടും പദ്ധതിയിലേക്ക് നമ്മുടെ മുഴുവൻ അംഗങ്ങളും ചേർന്നിട്ടില്ല എന്നത് വളരെ പരിതാപകരമാണ്. നമ്മുടെ കുടുംബത്തിന്റെ സുരക്ഷ നമ്മൾത്തന്നെ മുൻകൈ എടുത്ത് ഉറപ്പാക്കുകയല്ലേ വേണ്ടത്. കോട്ടയം ജില്ലയിൽത്തന്നെ നമ്മുടെ മെമ്പേഴ്സിന്റെ ഇരുപത്തിയഞ്ചു ശതമാനം മാത്രമാണ് കെ.എസ്.എസ്.എഫിൽ ചേർന്നിരിക്കുന്നത്.

ചെറുകിടവ്യവസായികൾക്ക് വളരെ പ്രയോജനകരമായിട്ടുള്ള ഈ ക്ഷേമപദ്ധതിയിൽ അംഗമായി തങ്ങളുടെ ജീവിതസുരക്ഷ ഉറപ്പുവരുത്തുവാൻ 55 വയസിനു താഴെയുള്ള എല്ലാ സഹപ്രവർത്തകരോടും വ്യവസായ സംരംഭകരോടും അഭ്യർത്ഥിക്കുന്നു ഇന്നുതന്നെ കെ.എസ്.എസ്.ഐ.എ കാര്യാലയവുമായി ബന്ധപ്പെടുമല്ലോ.

**'പദ്ധതിയിൽ അംഗമാവുക ജീവിതസുരക്ഷ ഉറപ്പു വരുത്തുക'**

***എല്ലാവർക്കും ക്രിസ്മസ്, പുതുവത്സരാശംസകൾ നേരുന്നു...***

**ഡോ. റ്റി.സി. ജോസഫ്**
**പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ., കോട്ടയം**

**സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ, സുരക്ഷിതത്വം ഉറപ്പാക്കൂ...**



സെക്രട്ടറിയുടെ കത്ത്



## ക്രിസ്മസ്സ് പുതുവത്സരാശംസകൾ

പുതിയ വർഷാരംഭത്തിലേക്കു കടക്കുന്ന ഈ അവസരത്തിൽ എല്ലാ അംഗങ്ങൾക്കും ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ നേരുന്നു. അസോസിയോഷന്റെ ഈ മുഖപത്രം ഏറെ വ്യത്യാസങ്ങളോടെ നിങ്ങളുടെ അടുത്ത് എത്തിക്കുന്നതിൽ സന്തോഷമുണ്ട്. അസോസിയേഷൻ പ്രവർത്തനങ്ങൾ അറിയുന്നതിനും. വിവിധ പദ്ധതികളും പുതുതായി വരുന്ന ഗവ: ഉത്തരവുകളും വിവിധ മീറ്റിംങ്ങുകളും വിവരണവും എല്ലാം കഴിവതും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കഴിവതും ഇതിലെ ലേഖനങ്ങളും വിവരണങ്ങളും കൃത്യമായി തന്നെ മനസ്സിലാക്കുന്നതിനും അസോസിയേഷൻ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നതിനും ഓരോരുത്തരുടെയും സംരംഭങ്ങളിൽ 'വ്യവസായനാദം' പ്രയോജനപ്പെടുന്നുണ്ട് എന്ന് വിശ്വസിക്കുന്നു. അസോസിയേഷനിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും ഓരോരുത്തരും ശ്രമിക്കണം. അതിനാവശ്യമായ എല്ലാ കാര്യങ്ങൾക്കും അസോസിയേഷൻ ഓഫീസിൽ ബന്ധപ്പെടണം. വ്യവസായനാദത്തിൽ പരസ്യം, നിങ്ങളുടെ യൂണിറ്റിനെപ്പറ്റിയുള്ള ലേഖനങ്ങൾ മുതലായവ പ്രസിദ്ധീകരിക്കുന്നതിനും ഈ മാധ്യമം പ്രയോജനപ്പെടുത്തണം. ഓരോരുത്തരുടെയും സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

**കെ. ദിലീപ്കുമാർ**

## Industries-the Central Government approved scheme for promotion of information and communication Technology (ICT) in MSME Sector under NMCP with total budget of Rs.105 Crore to be implemented during the 11th Plan Period

Ref: **Letter No. SI(I)/DPR/ICT/2008/IT dated 10-8-1010 of Government of India**

Attention is invited to the refrence cited Ministry of MSME is organizing a Scheme for promotion of Information and Communication Technology (ICT) in MSME Sector Under the National Manufacturing Competitiveness Programme (NMCP) with total budget of Rs.105 Crore. In this, Government of India contribution is Rs.47.70 Crore to be implemented during 11th Plan Period. The main object of the scheme is to adopt information and communication Technology tools and application in their production and business processes with a view to improving their productivity and competitiveness in national and international markets. Details of the scheme and guidelines are available on the official website of the office of DC (MSME) is www.dcmsme.gov.in so forwarded are requested to identity proposels where the assistance can be utilized.



Director of Industries & Commerce
Government of Kerala, Vikas Bhavan,
Thiruvananthapuram

# പൊല്യൂഷൻ കൺട്രോൾ ബോർഡ്

## രജിസ്ട്രേഷൻ, 2010 ഡിസംബർ 31 വരെ



**പൊല്യൂഷൻ** കൺട്രോൾ ബോർഡ് രജിസ്ട്രേഷൻ എടുക്കാത്ത വ്യവസായ സ്ഥാപനങ്ങൾക്ക് ഫൈൻ കൂടാതെ രജിസ്റ്റർ ചെയ്യാവുന്ന സമയപരിധി 2010 ഡിസംബർ 31 വരെ നീട്ടിയിരിക്കുന്നു. ഗ്രീൻ/ ഓറഞ്ച് കാറ്റഗറിയിൽപ്പെടുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവയുടെ സ്വാഭാവമനുസരിച്ച് പരിശോധന കൂടാതെ തന്നെ രജിസ്റ്റർ ചെയ്യാൻ സാധിക്കും. 9 വർഷം വരെ ഗ്രീൻ വിഭാഗത്തിനും 6 വർഷംവരെ ഓറഞ്ച് വിഭാഗത്തിനും 3 വർഷം വരെ റെഡ് വിഭാഗത്തിനും ഒരുമിച്ച് ഫീസടച്ച് രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. ആവശ്യമായ തുകയ്ക്കുള്ള ഡിഡി, ഫാക്ടറിയുടെ 100 മീറ്റർ ചുറ്റളവിലുള്ള വീടുകൾ, ജലസ്രോതസ്സുകൾക്ക്, ഫാക്ടറിയിലേക്കുള്ള വഴിയും ദിക്കും കൃത്യമായി കാണിക്കുന്ന A3/A4 പേപ്പറിൽ വരച്ച സൈറ്റ് പ്ലാൻ, മൂല്യധനനിക്ഷേപത്തെക്കുറിച്ച് 50 രൂപ മുദ്രപ്പത്രത്തിൽ നൽകുന്ന സത്യവാങ്മൂലം അല്ലെങ്കിൽ ഓഡിറ്റു ചെയ്ത ബാലൻസ് ഷീറ്റ് എന്നിവയിലേതെങ്കിലും ഒന്നു സഹിതം രജിസ്ട്രേഷനു വേണ്ടി അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വസ്തുതകളെല്ലാം പൂർണ്ണമായും ശരിയാണെന്നും ഏതെങ്കിലും തെറ്റോ മാറ്റമോ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അപേക്ഷകനായിരിക്കുമെന്നും മൂലധനനിക്ഷേപത്തെക്കുറിച്ച് എഴുതിച്ചേർക്കേണ്ടതാണ്.

**പൂരിപ്പിച്ച അപേക്ഷകൾ 2010 ഡിസംബർ 20-ാം തീയതിക്കു മുമ്പേ കെ.എസ്.എസ്.ഐ.എ ഓഫീസിൽ എത്തിക്കുക. ഫീസടച്ച് രസീതുസഹിതം പ്രസ്തുത അപേക്ഷകൾ ഡിസംബർ 27-ാം തീയതി പൊല്യൂഷൻ കൺട്രോൾ ബോർഡിൽ അസോസിയേഷൻ സമർപ്പിക്കുന്നതും വേണ്ട കൺസെന്റുകൾ പിഴയൊന്നും കൂടാതെ ലഭിക്കുന്നതുമായിരിക്കും. ഫാക്ടറി ഇൻസ്പെക്ഷൻ വേണ്ടിവരുന്ന അപേക്ഷകളിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉദ്യോഗസ്ഥർ ഇൻസ്പെക്ക്ഷൻ നടത്തുന്നതുമായിരിക്കും.**

ഈ അവസരം കെ.എസ്.എസ്.ഐ.എ അംഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

### പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റ് അപേക്ഷകളുടെ കൂടെ സമർപ്പിക്കേണ്ട പ്രധാനപ്പെട്ട രേഖകൾ അംഗങ്ങളുടെ ശ്രദ്ധയിലേക്കായി എഴുതുന്നു.

1. കൺസെന്റ് ഫീ കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള ഡോക്യുമെന്റ്സ്, ക്യാപ്പിറ്റൽ അസറ്റ്സ് ലിസ്റ്റ് (വാങ്ങിയ വിലവിവരം), ഫാക്ടറി ലാന്റിന്റെ വില വാടകചീട്ട്
2. സൈറ്റ് പ്ലാൻ (A4 or A3 സൈസ്)
3. 100 മീറ്ററിനുള്ളിലുള്ള വീട്, ജലം സ്രോതസ്, റോഡ് എന്നിവയുള്ള സൈറ്റ് പ്ലാൻ.
4. 50 രൂപാ സ്റ്റാംപ് പേപ്പറിൽ അഫിഡവിറ്റ് അല്ലെങ്കിൽ ചാർട്ടേർഡ് അക്കൗൺസന്റ് സർട്ടിഫൈ ചെയ്ത ഗ്രോസ് ഫിക്സഡ് ക്യാപ്പിറ്റൽ, ഡിപ്രീസിയേഷൻ ഇല്ലാതെ.
5. പ്ലാന്റ് ലേ ഔട്ട്, എഫ്ളുമെന്റ് ട്രീറ്റുമെന്റ് പ്ലാന്റ് ആന്റ് ഔട്ട്ലെറ്റസ്.
6. സെറ്റ്ബാക് ബൌൺഡറി, സ്റ്റക്ടർ പ്ലാന്റ് ലേ ഔട്ട്.
7. പ്രോസ്സ് ഫ്ളോ ഡയഗ്രം
8. എഫ്ളുമെന്റ് ട്രീറ്റുമെന്റ് പ്ലാന്റ് ഫ്ളോ ഡയഗ്രം.
9. അനാലിസ് റിപ്പോർട്ട്- എഫ്ളുമെന്റ്സ്, വെള്ളം, എമീഷൻസ്, ശബ്ദലെവൽ
10. പ്രോസ്സ് ഓയിൽ ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിനുള്ള സ്റ്റോറേജ്, വേസ്റ്റ് ഡിസ്പോസൽ സെറ്റ് ഔട്ട്.
11. ക്രഷർ യൂണിറ്റുകൾക്ക് 250 മീറ്റർ പരിധിയിലുള്ള ക്ലീയറൻസ് ലേ ഔട്ട്. വായു മലിനീകരണ പ്രതിവിധികൾ.
12. ജനറേറ്റർ സ്ഥാപിതമായിട്ടുള്ള യൂണിറ്റുകൾ, ഫ്യൂയൽ കൺസംപ്ഷൻ, ഫ്യൂജിറ്റിവ് എമീഷൻസ്, സ്റ്റാക്ക് മെറ്റിരിയൽ, ഉയരം, ഡയമീറ്റർ, ജനറേറ്റർ റൂമിന്റെ ഹൈറ്റ്, വിസ്തീർണം തുടങ്ങിയ വിവരങ്ങൾ സൗണ്ട് പ്രൂഫ് സിസ്റ്റം.
13. ബോയിലർ ഹൈറ്റ്, സ്റ്റാക്ക്, ഫർണസ് ഓയിൽ സ്റ്റോറേജ് വിവരങ്ങൾ.
14. സോളിഡ് & ലിക്വിഡ് വേയ്സ്റ്റ് മാനേജ്മെന്റിനുള്ള സംവിധാനങ്ങൾ.
15. ബൈയ് പ്രോഡക്റ്റ്സ് മാനേജ്മെന്റ് ക്ലിയറൻസ് സംവിധാനങ്ങൾ.

**N.B.: ഓരോ വ്യവസായ യൂണിറ്റിന്റെയും ഘടനയനുസരിച്ചുള്ള ഡോക്യുമെന്റ്സ് സബ്മിറ്റ് ചെയ്താൽ മതിയാകുന്നതാണ്.**

# ഒരു യഥാർത്ഥ സംരംഭകൻ!



സേവ്യർ തോമസ് കൊണ്ടോടി

**കുറെ പ്രധാനപ്പെട്ട പാഠങ്ങൾ:**



## ധൈര്യവും കാഠിന്യവും

ഒരു ടെന്നീസ് കളിക്കാരന്റെ, ധൈര്യവും കാഠിന്യവും (ടെനാസിറ്റി) സംരംഭകനും ഉണ്ടാകണം. നിരന്തരമായ പ്രവർത്തനത്തിൽ എന്നാണ് ഒരു റ്റിപിങ് പോയ്ന്റുണ്ടാകുന്നതെന്ന് അറിയാൻ സാധിക്കത്തില്ല. ആ അവസരത്തിനുവേണ്ടി കാത്തിരിക്കുക. അവസരങ്ങൾ കൃത്യസമയത്ത് പ്രയോജനപ്പെടുത്തുവാൻ സാധിക്കണം.

## പ്രവർത്തിച്ചുകൊണ്ടേയിരിക്കുക

എത്ര ടൂർണമെന്ററുകൾ ജയിച്ചാലും, തോറ്റാലും ഒരു ടെന്നീസ് പ്ലേയർ ദിവസവും മുറതെറ്റാതെ പ്രാക്ടീസ് ചെയ്തുകൊണ്ടേയിരിക്കും. കളിയുടെ വിവിധ വശങ്ങൾ കൂടുതൽ നന്നാക്കുന്നതിനും, പുതിയ വേലകൾ തന്റെ കളിയിൽ കൊണ്ടുവരാനും ആ കളിക്കാരൻ തന്റെ ദൈനംദിന പരിശീലനത്തിൽ ശ്രദ്ധിക്കുന്നതായികാണാം. ഇപ്രകാരം തന്നെ ഒരു വ്യവസായ സംരംഭകനും കഴിഞ്ഞ തവണത്തെക്കാൾ എല്ലാം നന്നാക്കുന്നതിനും കൂടുതൽ ഉൽപ്പാദിപ്പിച്ച് വിറ്റഴിക്കുന്നതിനും ശ്രമിച്ചുകൊണ്ടേയിരിക്കണം.

## സാധിക്കാത്ത കാര്യങ്ങൾ സാധിച്ചെടുക്കുക

ജീവിതത്തിൽ ഒരിക്കലും പൂർണത ഉണ്ടാകത്തില്ല. എന്നാലോ, ശരിയായ മാനസികശക്തിയും, വഴിത്താരയുമുണ്ടെങ്കിൽ ഒരിക്കലും സാധിക്കയില്ല എന്ന് നമ്മളും മറ്റുള്ളവരും ചിന്തിക്കുന്ന പ്രവൃത്തികൾ ഒരു സംരംഭകന് പൂർത്തിയാക്കി വിജയി ആകാം.

## നമ്മെത്തന്നെ ഒട്ടിച്ചേർക്കുക

പുൽതകിടിയിലും, സാധാരണ മൺ കോർട്ടിലും, കടുപ്പമാർന്ന മൺകോർട്ടിലും ഒരേപോലെ കളിച്ച് ചാമ്പ്യൻമാരിൽ ചാമ്പ്യനായ റാഫേൽ നാദലിനെ ടെന്നീസറിയാവുന്നവർക്കെല്ലാം അത്ഭുതമാണ്. ഒരു സംരംഭകനും ഏതു സാഹചര്യവും മനസിലാക്കി അതിൽ കുറെ പ്രവൃത്തിച്ച് വിജയിക്കാൻ സാധിക്കണം. എനിക്കിത്ര മാത്രം ആശയങ്ങളെയുള്ളു. ഇത്ര മാത്രം വേഗതയേയുള്ളു, ഇത്രയൊക്കെമതി എന്നൊക്കെ വിചാരിച്ചു പ്രവൃത്തിക്കുന്ന സംരംഭകൻ പലപ്പോഴും പരാജയപ്പെടാനെന്നോണം ലക്ഷ്യമിട്ടു പ്രവൃത്തിക്കു ന്നു.

## ചെയ്യാൻ സാധിക്കത്തില്ല എന്നു പറയുന്നവരോട് സ്നേഹത്തിൽ പെരുമാറുക

താങ്കളെക്കൊണ്ട് ഇതിൽ കൂടുതലൊന്നും പറ്റത്തില്ല എന്നു പറയുന്നവർ നമ്മുടെ ചുറ്റുപാടും ധാരാളമായിട്ടുണ്ട്. ടെന്നീസ്കളിയിൽ താത്പ്പര്യമുള്ളവർ പലപ്പോഴും ചാമ്പ്യൻമാരെ വിലയിരുത്തുന്നതു ശ്രദ്ധിച്ചാൽ ഈ പ്രതിഭാസം കാണാവുന്നതാണ്. എല്ലാ ഗ്രാൻസ് സ്ലാമുകളും ഒരാൾ തന്നെ നേടിയെടുക്കുമെന്ന് ആരെങ്കിലും വിശ്വസിക്കുമോ? പക്ഷെ ആ പൊട്ട വിശ്വാസങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് 2004നും 2010നും ഇടയ്ക്കുവെച്ച് ഗ്രാൻസ് സ്ലാമുകൾ നേടിയിട്ടുള്ള റാഫേൽനദാൽ വീണ്ടും നമ്മുക്കു പ്രചാദനം തരുന്ന ടെന്നീസ് പ്ലേയറാണ്. യഥാർത്ഥ സംരംഭകനു നേടാൻ പാടില്ലാത്ത അതിർവരമ്പുകളില്ല!

## ഓരോ പ്രശസ്ത വിജയങ്ങൾ ഉണ്ടാകുമ്പോഴും ആഘോഷിക്കുക

എവറസ്റ്റ് കൊടുമുടി കയ്യടക്കുമ്പോൾ ഏറ്റവും ഉയരത്തിൽ കയറിക്കഴിഞ്ഞു മാത്രം ആഘോഷിച്ചാൽ പോരല്ലേ. ഓരോ കൊച്ചു കൊടുമുടി കയറി എത്തുമ്പോഴും ആഘോഷിക്കണം. ഓരോ ചെറിയ വിജയവും നമ്മുടെ വിജയത്തിലേക്ക് അടുക്കുന്നതിന്റെ തെളിവായി കണക്കാക്കി ആഘോഷിക്കുക. മറ്റുള്ളവർക്ക് പ്രചോദനമാകുവാൻ സഹായിക്കുക. ■



# അങ്ങനെയും ഒരു ബാലൻസ് ഷീറ്റ്

**വാ**ണിജ്യവ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനെന്നപ്പോലെ അവയെപ്പറ്റി അന്യരിൽ മതിപ്പുളവാക്കുന്നതിനും പ്രയോജനപ്പെടുന്നതാണ് ബാക്കിപത്രങ്ങൾ അഥവാ ബാലൻസ് ഷീറ്റുകൾ. പുതിയൊരു ബാലൻസ് ഷീറ്റ് ഈയിടെ കണ്ടു. ഏതെങ്കിലും കമ്പനിയുടെയല്ല, മനുഷ്യജീവിതത്തിന്റെ ബാലൻസ് ഷീറ്റ്. ജീവിതത്തെ ദൂരെ നിന്നു കണ്ട്, തെറ്റും ശരിയും ഗ്രഹിച്ച് നേർവഴിയിലെത്താൻ തുണയേകുന്ന പലതും ഇതിലുണ്ട്. ചില അടിക്കുറിപ്പുകളും

ജനനം ഓപ്പണിങ് ബാലൻസും മരണം ക്ലോസിങ് ബാലൻസുമായി രണ്ടറ്റങ്ങൾ. സർഗാത്മക ആശയങ്ങൾ ആസ്തിയും പക്ഷപാതപരമായി അഭിപ്രായങ്ങൾ ബാധ്യതകളുമാണ് (അസറ്റ്സും ലയബിലിറ്റീസും.) അവയിൽത്തന്നെ ഹൃദയം കറന്റ് അസ്സറ്റും, ആത്മാവ് സ്ഥിര ആസ്തിയും. തലച്ചോറ് സ്ഥിരനിക്ഷേപവുമാണ്. ചിന്തിക്കുന്ന ശീലം കറന്റ് അക്കൗണ്ടത്രേ.

നേട്ടങ്ങളും വിജയങ്ങളും 'മുതൽ'. സ്വഭാവശുദ്ധിയും ധാർമികമൂല്യങ്ങളും സ്റ്റോക്ക്-ഇൻ-ട്രേഡാകുന്നു. സ്നേഹിതരാണു ജനറൽ റിസർവ്സ്. മൂല്യങ്ങളും പെരുമാറ്റരീതിയും നമ്മുടെ സൽപ്പേര്. കിട്ടുന്ന സഹായത്തെ പലിശയും സ്നഹത്തെ ലാഭവീതവുമായിരിക്കരുതാം. കുട്ടികളാകട്ടെ ബോണസ് ഇഷ്യൂസ്, വിദ്യാഭ്യാസം ബ്രാൻഡോ പേറ്റന്റോ ആണ്. അറിവു നിക്ഷേപമാണ്. പ്രവർത്തനപരിചയത്തെ പ്രീമിയം അക്കൗണ്ടായി വിചാരിക്കണം. ബാലൻസ് ഷീറ്റ് കൃത്യമായി തുലനാവസ്ഥയിലാക്കുകയാവണം ലക്ഷ്യം. ഏറ്റവും ഭംഗിയായി അവതരിപ്പിച്ച അക്കൗണ്ടിനുള്ള അവാർഡ് നേടുക അന്തിമ ലക്ഷ്യവും.

ഏതു കാര്യത്തെപ്പറ്റിയും അനാവശ്യമായി മനഃപ്രയാസപ്പെടുന്നത് വിനാശകരമായ സ്വഭാവരീതി. കൊടുക്കുന്നതിലാണ് ഏറ്റവും കൂടുതൽ ആനന്ദം. ആത്മാഭിമാനം പോയാൽ സർവതും പോയി. അന്യരെ സഹായിക്കുന്നതുപോലെ സംതൃപ്തി നൽകുന്ന മറ്റൊന്നില്ല. അതിരുകടന്ന സ്വാർത്ഥത ഏറ്റവും മോശമായ വ്യക്തിത്വലക്ഷണം. സമർപ്പണബുദ്ധിയുള്ള നേതാക്കൾ വംശഭീഷണി നേരിടുകയാണ്. ഏറ്റവും പ്രകൃതി വിഭവം നമ്മുടെ യുവജനങ്ങളത്രേ.

പ്രോത്സാഹനം കർമനിരത ഉറപ്പുവരുത്തും. അതിജീവിക്കാൻ ഏറ്റവും ക്ലേശകരമായതും ഭയം. ഏറ്റവും മികച്ച ഉറക്കഗുളികയാണ് മനഃസമാധാനം. നമ്മെ തളർത്തി നിഷ്ക്രിയരാക്കുന്ന മഹാരോഗം ഒഴിവുകൾ. ജീവിതത്തിലെ പരമശക്തി സ്നേഹം. ഏറ്റവും അപകടകരമായ പ്രവൃത്തി പരദൂഷണം. ലോകത്തിൽ ഏറ്റവും അവിശ്വസനീയ ശക്തിയുള്ള കമ്പ്യൂട്ടറാണ് നമ്മുടെ തലച്ചോറ്. അതു തുരുമ്പേടുക്കാതെ നോക്കണം.

നമുക്ക് എന്ത് ഇല്ലാതെ പോയാലാണ് ഏറ്റവും വലിയ നഷ്ടം ഉളവാകുക? ശുഭപ്രതീക്ഷ എന്ന ഒറ്റ മറുപടിയേ ഈ ചോദ്യത്തിനുള്ളു. ഏറ്റവും മാരകമായ ആയുധം ഹൈഡ്രജൻ ബോംബല്ല, നമ്മുടെ നാക്കു തന്നെയാണ്. ഏറ്റവും ശക്തമായ രണ്ടു വാക്കുകൾ 'എനിക്കു കഴിയും'. ഏറ്റവും വലിയ സ്വത്ത്, വിശ്വാസം. ഏറ്റവും കൊള്ളരുതാത്ത വികാരം ആത്മനിന്ദ. ഏറ്റവും മനോഹരമായ വസ്ത്രം പുഞ്ചിരി. ഏറ്റവും വിലപിടിച്ച സമ്പത്ത് സത്യസന്ധത. ഏറ്റവും പെട്ടെന്നു പകർന്നു പടരുന്ന വികാരം ഉത്സാഹം.

സ്വപ്നം കാണുന്നതു നിൽക്കുമ്പോൾ ജീവിതം തീരുന്നു. വിശ്വാസം നശിക്കുമ്പോൾ പ്രത്യാശ അവസാനിക്കുന്നു. ശ്രദ്ധയും പരിഗണനയും ഇല്ലാതായാൽ സ്നേഹം മറയുന്നു. പങ്കിടലില്ലെങ്കിൽ സൗഹൃദവുമില്ല. പുഞ്ചിരി കൂടെയില്ലെങ്കിൽ ആരുടെയും വേഷം പൂർണമാകുന്നില്ല.

പേരു വെളിപ്പെടുത്താത്തൊരാൾ എഴുതിയുണ്ടാക്കിയ പുതുപുത്തൻ ബാലൻസ് ഷീറ്റിന്റെയും അടിക്കുറിപ്പുകളുടെയും രത്നച്ചുരുക്കമാണിത്. ഏറെ സത്യങ്ങളുള്ള മൊഴികൾ.

കടപ്പാട്: മലയാളമനോരമ



# 'സ്വയം മനസ്സിലാക്കുവാൻ' ചില ചോദ്യങ്ങൾ...

**നാം നമ്മെത്തന്നെ ശരിക്കു മനസ്സിലാക്കുന്നുണ്ടോ? ഉണ്ടെന്നു തോന്നുന്നുവെങ്കിൽ താഴെ പറയുന്ന കാര്യങ്ങളെക്കുറിച്ച് അൽപനേരം ആലോചിക്കുന്നത് നന്നായിരിക്കും.**

1. പാവപ്പെട്ടവന് കൊടുക്കുവാൻ വേണ്ടി 10 രൂപ നാം കൈയ്യിലെടുത്താൽ അത് വലിയ തുകയാണെന്ന് നമുക്കു തോന്നാറില്ലേ? എന്നാൽ ഷോപ്പിങ്ങിനു പോകുമ്പോൾ 10 രൂപ എത്ര നിസ്സാരമായിട്ടാണ് നമുക്ക് തോന്നുക?
2. പ്രാർത്ഥിക്കുവാനായി 10 മിനിറ്റ് മാറ്റിവച്ചാൽ അത് വളരെ ദീർഘമേറിയ സമയമായിട്ടല്ലോ നമുക്ക് തോന്നുക? എന്നാൽ ടെലിവിഷന്റെ മുമ്പിൽ നാം ചിലവഴിക്കുന്ന മണിക്കൂറുകൾ എത്രയോ ചെറിയ നിമിഷങ്ങളായിട്ടാണു നാം കാണുക?
3. വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കുന്നത് നമ്മെ സംബന്ധിച്ചിടത്തോളം പലപ്പോഴും വളരെ ഭാരമുള്ള ജോലിയില്ലേ? എന്നാൽ, ഒരു പൈങ്കിളി നോവലാണ് നാം കൈയ്യിലെടുക്കുന്നതെങ്കിലോ?
4. ഒരു കാലപരിപാടി കാണുവാൻ പോയാൽ നാം മുൻസീറ്റിനായി മത്സരിക്കില്ലേ? എന്നാൽ ഒരു പ്രാർത്ഥനാസമ്മേളനത്തിൽ പോയാൽ എത്രയോ പിന്നിലായിരിക്കും നാം നിൽക്കുക.
5. ഒരു നല്ലകാര്യം ഓർമ്മിച്ചിരിക്കുവാൻ നമുക്ക് എത്ര ബുദ്ധിമുട്ടാണ്. എന്നാൽ, പണ്ടുകേട്ട ഒരു പരദൂഷണം എത്ര എളുപ്പത്തിലാണ് നാം ഓർമ്മിക്കുന്നത്.
6. മറ്റുള്ളവർ നമ്മെക്കുറിച്ച് ചിന്തിക്കുന്നത് എന്താണ് എന്നുള്ളതിനെക്കുറിച്ച് നമുക്കു ആശങ്കയില്ലേ? എന്നാൽ ദൈവം നമ്മെക്കുറിച്ച് ചിന്തിക്കുന്നത് എങ്ങനെയാണെന്നതിനെക്കുറിച്ച് നമുക്ക് ആശങ്കയുണ്ടോ?
7. മറ്റുള്ളവരിൽ നിന്ന് നാം പലപ്പോഴും മാർഗ്ഗനിർദ്ദേശം സ്വീകരിക്കാറില്ലേ? എന്നാൽ, സർവ്വജ്ഞനായ ദൈവത്തിൽ നിന്നും മാർഗ്ഗനിർദ്ദേശം സ്വീകരിക്കുന്ന കാര്യത്തിൽ നമുക്ക് എത്ര മാത്രം താൽപര്യമുണ്ട്?

**വിവീഷ് തോമസ്, വെട്ടൂർ**

■

# 2010 നവംബർ 24-ാം തീയതി തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ഹാളിൽ കൂടിയ മൂന്നാമത് കെ. എസ്. എസ്. ഐ. എ സംസ്ഥാന കമ്മിറ്റി യോഗത്തിൽ ജനറൽ സെക്രട്ടറി അവതരിച്ച പ്രവർത്തന റിപ്പോർട്ട്

*സുഹൃത്തുക്കളേ,*

നിരന്തരമായ നിവേദനങ്ങളുടെയും ചർച്ചകളുടെയും ഫലമായി വർദ്ധിപ്പിച്ച ഫാക്ടറി ലൈസൻസ് ഫീസ് കുറച്ചു. 2010 മേയ് 5-ാം തീയതിയാണ് ഇതിനെ സംബന്ധിച്ച് നോട്ടിഫിക്കേഷൻ വന്നത്. ഉത്തരവ് ഇറക്കാൻ താമസിച്ചതുകൊണ്ട് കുറെ വ്യവസായികൾക്ക് ഫീസ് നിശ്ചിതസമയത്ത് അടക്കാൻ സാധിച്ചില്ല. പിഴയോടുക്കൂടി ഫീസ് അടക്കാനുള്ള നോട്ടീസ് ആണ് വ്യവസായികൾക്ക് കിട്ടികൊണ്ടിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ സെപ്റ്റംബർ മാസത്തിൽ ഇക്കാര്യം തൊഴിൽ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള പ്രഖ്യാപനം വന്നത് കൊണ്ട് ഇതിന് തീരുമാനമെടുക്കാൻ അപ്പോൾ കഴിയില്ലെന്നു മന്ത്രി അറിയിച്ചു. തെരഞ്ഞെടുപ്പിനുശേഷം വീണ്ടും ഇക്കാര്യം പ്രസിഡന്റ് വ്യവസായ വകുപ്പു മന്ത്രിയുമായി ബന്ധപ്പെട്ട് പിഴ ഇല്ലാതെ ഫീസ് അടക്കാനുള്ള തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ 16-ാം തീയതി തൊഴിൽ വകുപ്പു മന്ത്രിയുടെ ചേംബറിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം നടന്നു. ഫാക്ടറീസ്/ധന വകുപ്പു ഉദ്യോഗസ്ഥൻമാരുടെ എതിർപ്പുകൾ ഉണ്ടായെങ്കിലും തൊഴിൽവകുപ്പു മന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് 2010, 2011 എന്നീ വർഷങ്ങളിലെ ഫാക്ടറി ലൈസൻസ് പുതുക്കുന്നതിന് പിഴ ഇല്ലാതെ ഫീസ് അടക്കാമെന്ന് യോഗം തീരുമാനിച്ചു. അസോസിയേഷനെ പ്രതിനിധികരിച്ച് മുൻ ജനറൽ സെക്രട്ടറി ശ്രീ. കെ.എൻ.സുഭഗൻ പങ്കെടുത്തു. നവംബർ 17,18 തീയതികളിൽ ഡൽഹിയിൽ വച്ച് FISME യും UNTACD യും സംഘടിപ്പിച്ച G I Patentsനെ സംബന്ധിച്ചുള്ള യോഗത്തിൽ ജനറൽ സെക്രട്ടറി പങ്കെടുത്തു.

വ്യവസായങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഉപദേശം നൽകുന്നതിന് കേരള സർക്കാർ രൂപീകരിച്ച സംസ്ഥാനതല ടാസ്ക് ഫോഴസ് കമ്മിറ്റിയിൽ സംഘടനയ്ക്ക് പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്.

NOC ഇല്ലാതെ പ്രവർത്തിക്കുന്ന മരവ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടാൻ ഉത്തരവിട്ട വനംവകുപ്പിന്റെ നടപടി ഹൈക്കോടതി റദ്ദാക്കി. ശ്രീ.വി.എം. അലിയാർ പ്രസിഡന്റായുള്ള കേരള സ്റ്റേറ്റ് സോമിൽ ഓണേഴ്സ് അസോസിയേഷൻ സമർപ്പിച്ച ഹർജിയിലാണ് ഈ വിധി.

ചെറുകിട വ്യവസായികൾക്ക് സംസ്ഥാന സർക്കാരിന്റെ അവാർഡുകൾക്ക് അപേക്ഷിക്കാനുള്ള സമയപരിധി 2010 നവംബർ 30 വരെ ആയിരുന്നു.

പൊല്യൂഷൻ കൺട്രോൾ ബോർഡിനോട് ഗ്രീൻ, ഓറഞ്ച്, റെഡ് എന്നീ മൂന്ന് വിഭാഗങ്ങളിലായുള്ള മുഴുവൻ വ്യവസായികളുടെ ലിസ്റ്റും സർക്കുലേറ്റ് ചെയ്യണമെന്ന് സംഘടന അഭ്യർത്ഥിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിൻമേൽ തേയ്മാനം കണക്കിലെടുത്തായിരിക്കും ചെറുകിട വ്യവസായങ്ങളുടെ ഫീസ് നിശ്ചയിക്കുന്നത്. മൂലധന നിക്ഷേപത്തിന്റെ വിവരം ഓഡിറ്റ്ഡ് ബാലൻസ്ഷീറ്റ് /സെൽഫ് ഡിക്ലറേഷൻ വഴി ബോർഡിൽ സമർപ്പിച്ചാൽ മതിയാകും. അസോസിയേഷന്റെ നിവേദനത്തെ തുടർന്നാണ് ഈ നടപടി. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പിഴ നല്കാതെ ലൈസൻസ് എടുക്കാനുള്ള കാലാവധി ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. ഇത് ബന്ധപ്പെട്ട വ്യവസായികൾ പ്രയോജനപ്പെടുത്തണം.

മദ്ധ്യമേഖലയിലെ ജില്ലാ ഭാരവാഹികളുടെ ഒരു യോഗം നവംബർ 20-ാം തീയതി എറണാകുളം ജില്ലാ ഓഫീസ്സിൽ കൂടുകയുണ്ടായി. മദ്ധ്യമേഖല വൈസ് പ്രസിഡന്റ് ഡോ. ജോർജ്ജ് പി. തോമസ്സ് ആണ് യോഗം വിളിച്ചത്.

KSSIA സോഷ്യൽ സെക്യൂരിറ്റി ഫണ്ടിലെ അംഗമായ തിരുവനന്തപുരം ജില്ലയിലെ അന്തരിച്ച എസ്.എൻ. റബ്ബർ ഇൻഡസ്ട്രീസ് ഉടമ ശ്രീ.എസ്. സുകുമാരൻ നായരുടെ കുടുംബത്തിനുള്ള സാമ്പത്തികസഹായം ഇന്ന് രാവിലെ നടന്ന ചടങ്ങിൽ വെച്ച് വിതരണം ചെയ്യുകയുണ്ടായി. KSSFന്റെ ഇപ്പോഴത്തെ അംഗസംഖ്യ 864 ആണ്.

സിഡ്കോ മാനേജിങ്ങ് ഡയറക്ടർക്ക് നിവേദനം നല്കിയതിനെ തുടർന്ന് കാസർഗോഡ് ജില്ലയിലെ ഡൈടെക്ക് എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിന്റെ വാടക കുടിശികയിൽ മേലുള്ള പ്രശ്നം പരിഹരിച്ചു.

ഫാക്ടറി ബിൽഡിങ്ങ് പണിയുന്നതിന് സ്ക്വയർ മീറ്ററിന് ഇപ്പോൾ നിലവിലുള്ള 2000 രൂപയുടെ പരിധി 10,000/- രൂപയായി ഉയർത്തുകയും ഫാക്ടറിയോടനുബന്ധിച്ച് പണിയുന്ന അനുബന്ധ സൗകര്യങ്ങൾക്കും സബ്സിഡി നല്കുന്നതിനും ആവശ്യമായ ഭേദഗതികൾ സബ്സിഡി മാനുവലിൽ വരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ മന്ത്രിക്ക് നിവേദനം നല്കി.

കിനാലൂരിലെ KSIDC യുടെ ഇൻഡസ്ട്രിയൽ പാർക്കിലെ സ്ഥലം ലഭിച്ച വ്യവസായികളുടെ രജിസ്ട്രേഷന് സ്റ്റാമ്പു ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കണമെന്ന് വ്യവസായ, ധന, റവന്യു, രജിസ്ട്രേഷൻ മന്ത്രിമാർക്ക് നിവേദനം നല്കി.

സംഘടന ഇടപെട്ടതിനെ തുടർന്ന് എറണാകുളം ജില്ലയിലെ ജി.എസ്സ്. ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് സ്ഥാപനത്തിന്റെ പൊല്യൂഷൻ ബോർഡുമായുണ്ടായ പ്രശ്നം പരിഹരിച്ചു.

കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽവെച്ച് സംഘടിപ്പിച്ച ആൾ ഇന്ത്യാ ബിസിനസ്സ്പ്ലാൻ കോമ്പറ്റീഷനിൽ ജഡ്ജ്മാരുടെ പാനലിൽ KSSIA ജനറൽ സെക്രട്ടറി ഒരംഗമായിരുന്നു.

KSSIA News എല്ലാ മാസവും തുടർച്ചയായി പ്രസിദ്ധികരിക്കുന്നു.

**ദാമോദർ ആവണൂർ**
ജനറൽ സെക്രട്ടറി

# Pesticide Management Bill in Parliament Shortly




**Pesticide misuse is quite common in Indian Agriculture. Department of Agriculture in any State is not competent enough to regulate, control the whole process. Endosalfan and Round up, weedicide are latest examples.**

Govt is introducing a new enactment in the regulations of manufacture, distribution and application of Pesticides and Formulations in India. This bill is intended to repeal fully the age old 'Central Insecticide Act 1968 '.Currently the Pesticide Manufacturing is regulated by issuing a registration by Central Insecticide Board which is having its office in Faridabad, Haryana. In the new Bill, this CIB is replaced by an administrative body under the ministry of Agriculture, Govt of India. At present State Director of Agriculture is the authority for issuing Manufacturing license to a pesticide (as per the schedule) in any State.

Pesticide manufacturing is in a very nascent situation in Kerala while there are great potentials for this sector even in the small scale sector. Organic and bio farming policies are being initiated by the State Government but it targeted only to a miniscule of farmers.

Serious pesticide contamination and related problems are rampant in our State. This is mainly because of the wrong approaches initiated by the Agriculture Dept in Kerala in the distribution of subsidies available in pesticide and fertilizer applications to the farmers There is no centralized agencies to buy and distribute these materials to the consumers. Rubber Board and spices Board are doing common services in these field to a certain extent.

There should be expert bodies which include manufacturer's representatives also to recommend which are all pesticides to be used at appropriate seasons. Farmers views also should be considered.. Locally specific issues are also be taken into account.

More qualified, practicing agriculture officers should be licensed to prescribe which are all pesticides, especially red and yellow categories to be applied to different agriculture crops at suitable timings.

Experienced and competent farmers are also can be used for this.

Mahathma Gandhi National Rural Employment Guarantee Scheme should be spread to agriculture fields for applying fertilizers and pesticides even in private faming also, with a deviated policy initiative.

Suitable protective wares should be provided to such workers who are to be certified for these type of field jobs. There will not be any harm even women are also engaged in these activities. Regular health monitoring of farming workers and communities especially those who are exposed to pesticides, should, be made mandatory and compensation should be awarded in case of poisoning.

Agriculture and industry should develop a strong linkage in various areas of concern. ■

# Safety inches away only




Cell phone users are increasing day by day from the head load workers early morning rubber tapping men to BMW business man.

If health issues arise from ordinary use of this hardware .it would affect illness of people around the world. A huge industry would be affected.

**Warning:** Holding a cell phone against your ear may be hazardous to your health. So may stuffing it in a pocket against your body.

There is a fine print which will slip out where you open a packing of a reasonably branded cell-phone.

Apple,for example doesn't want I phones to come closer than 5/8 of an inch; Research in motion, BlackBerry's manufacturer is still more cautious: keep a distance of about an inch.



**WARNING: Holding a cell phone against your ear may be hazardous to your health. So may stuffing it in a pocket against your body.**

It is sure, all these warnings are missed by an awful lot of customers.

Epidemiologists who are keen on this hazard ,have already started intense research ,and are in U.S. has already published a book about cell phone radiation, "Disconnect."

However, radiation specialists had long ago established that worries about law-energy radiation were unfounded. But the active researcher, the author of Disconnect' surveys the scientific investigations and concludes that the question is not yet settled.

Braine cancer is a concern that Devra Davis takes up in her research studies. Most cancers have multiple causes, she says, but points to laboratory research that suggests mechanisms by which low-energy radiation could damage cells in ways that could possibly lead to cancer.

Children are more prone to even to low energy radiation than adults. Because of their thinner skulls in children, the radiation levels affect faster in children. Research found that rats exposed to radiofrequency radiation had damaged brain DNA. No field research in human is final on there type of findings so far the unit measurement for radio frequency exposure is called the specific absorption rate or SAR. The Federal Communications connection mandates that the SAR produced by phones be no more than 1.6 walts per kilograms. In same static's in America Ordinances are passed that requires cell phone retailers to post .SARS prominently. This Law, however angered the CTIA, the trade association of cell phone and provoked retaliatory actions.

For god's sake let us wait for more research findings ,till that time please prohibit your children al least from constant cell phone use. It would keep them engaged in their studies fully. ■

# Some Legal Tips for MSME's

## UPTO DATE

| | |
|---|---|
| • Accounts Officer performing Supervisory workman. | * **Public sector undertakings employee about one third of the total contract labour force in the country.** |
| • A settlement with majority union or workers will be binding up on all the workers. | * **Sharp decrease in industrial production in India reported for September, 2010.** |
| • withholding of gratuity for non vacation of quarter by an employee will not be justified | * **Export figures are showing encouraging trends, but only a few sector like Jems, jewellery, Iron One are taking Major Share.** |
| • No limitation is prescribed for claiming gratuity by an employee from the employer (All from LLR, Various HC Orders). | * **Indian Rupee against US Dollar has appreciated more than 6% during last 3 months.** |

## CST, VAT TAX & GST

| | |
|---|---|
| • The time allowed for returning unused physical From of 'C' to the Vat tax,dept is extended to 31st Dec 2010 | * **Banks are asked to have a focus on poor, and better credit flow to Micro small Enterprises.** |
| • Since January, 2010 on line drawing of C forms are compulsory | * **In order to have better co ordination among regulators, the finance ministry has decided to establish the financial stability and Development council.** |

**There should be an eco system where the labour laws regulation and employability facilitate a rapid and inclusive employment opportunities.**

## Don't be in the negative List! Credit information Bureau



There is a forum in which loan defaulters will be listed by Bankers. A Defaulting borrower is likely in all chance tobe named in the Credit information Bureau .Before resorting to the Debt Recovery Tribunal for recoveries or attaching the key assets under the Securitization and Reconstruction of Financial Assets and enforcement of Security Interest (SARFAESI) ,bankers are trying to warn headstrong loan defaulters that they could end up in the credit bureau's negative list.

This listing will automatically close the doors of any new finance availability as loans or venture funding to any entrepreneurs. The prospect of future banking relationship will be getting jeopardized. It is mandatory for banks or financing institutions to be a member of al least one credit information bureau.

Once a bank or financing institution become a member of a CIB,it has to pass on the credit datas of its borrowers to that company. By tapping into a credit information bureau credit grantors get complete picture of the payment history of borrower and act deligently.

# കെ.എസ്.എസ്.ഐ.എ. സാമൂഹ്യ സുരക്ഷാ ധനസഹായ തുക ധനകാര്യമന്ത്രി വിതരണം ചെയ്തു

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സംയുക്ത സംരംഭത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ നടത്തുന്നവർക്ക് ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാപദ്ധതി പ്രകാരം തിരുവന്തപുരം ജില്ലയിൽ എസ്.എൻ. റബ്ബർ ഇൻഡസ്ട്രീസ് നടത്തിവന്നിരുന്ന ശ്രീ. സുകുമാരൻ നായരുടെ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ അവകാശികൾക്ക് 8 ലക്ഷം രൂപ ധനസഹായമായി നല്കി.

തിരുവനന്തപുരം ജവഹർ നഗർ ചേംബർ ഹാളിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന ധനകാര്യവകുപ്പു മന്ത്രി ഡോ. തോമസ് ഐസക് ശ്രീമതി ലതാ ദേവിക്ക് തുക കൈമാറി. ധനകാര്യമന്ത്രിയുടെ ഉത്ഘാടന പ്രസംഗത്തിൽ ഫെബ്രുവരി മാസത്തിൽ സമ്പൂർണ്ണ ബജറ്റ് നിയമ സഭയിൽ അവതരിപ്പിക്കുന്നതിനു മുന്നോടിയായി എല്ലാ വ്യവസായ മേഖലകളിലും വേർ തിരിച്ച് ചർച്ചകൾ നടത്തി നികുതി ഘടനയിലും നടപടിക്രമങ്ങളിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞു. ചെറുകിട വ്യവസായ അസോസിയേഷന്റെ സാമൂഹ്യ സുരക്ഷാ ഫണ്ടിനും, പുതിയ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ട ധനസഹായ തുക ബജറ്റിൽ വകയിരുത്തുമെന്നും മന്ത്രി പറയുകയുണ്ടായി.

കേരള വ്യവസായ വാണിജ്യ വകുപ്പു മന്ത്രി ശ്രീ. എളമരം കരീം അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ കേരള പൊതുമരാമത്തു നിയമ വകുപ്പു മന്ത്രി ശ്രീ. എം. വിജയകുമാർ, തുറമുഖ യുവജനക്ഷേമ വകുപ്പു മന്ത്രി ശ്രീ. വി. സുരേന്ദ്രൻ പിള്ള എന്നിവർ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നും എല്ലാ ജില്ലകളിലും ചെറുകിട വ്യവസായസംരംഭകർക്ക് സഹായകരമാകുന്ന അദാലത്തുകൾ സംഘടിപ്പിക്കുമെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ ബഹു.മന്ത്രി ശ്രീ. എളമരം കരീം പ്രസ്താവിച്ചു.

ചെറുകിട വ്യവസായ മേഖല വളരെ പ്രാധാന്യമർഹിക്കുന്നതും കേരളത്തിന്റെ വളർച്ചക്ക് ചെറുകിട വ്യവസായ മേഖലയുടെ വികസനം അത്യന്താപേക്ഷിതമാണെന്നും വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിൽ വരുമ്പോൾ അനവധി അനുബന്ധ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സാധ്യതയുള്ളതാണെന്നും മന്ത്രിമാരായ എം. വിജയകുമാറും വി. സുരേന്ദ്രൻ പിള്ളയും പറയുകയുണ്ടായി.

ശ്രീ. സാജുപോൾ എം.എൽ.എ KSSIAസംസ്ഥാന പ്രസിഡന്റ് ശ്രീ. വി.കെ.സി. മമ്മദ്കോയ Ex. MLA,KSSIA ജില്ലാ പ്രസിഡന്റ് ശ്രീ. റ്റി. ബിജുകുമാർ സി.ഐ.ഐ ചെയർമാൻ ശ്രീ. പി. ഗണേഷ്, സംഘടനാ ഭാരവാഹികളായ ശ്രീ. ദാമോദരൻ അവണ്ണൂർ, ശ്രീ. സി. ചന്ദ്രമോഹനൻ, ശ്രീ. നാരായണൻകുട്ടി തുടങ്ങിയവർ സംസാരിച്ചു.

കോട്ടയം ജില്ലയിൽനിന്നും പ്രസിഡന്റ് ഡോ. റ്റി. സി. ജോസഫ്, സെൻട്രൽ സോൺ വൈ.പ്രസിഡന്റ് ഡോ. ജോർജ്. പി. തോമസ്, ഡോ. കുര്യൻ പി. തോമസ്, ശ്രീ. ഗ്ലാഡ്സൺ ജെക്കബ് എന്നിവർ പങ്കെടുത്തു.

## സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ക്ലെയിം തുക
### അടയ്ക്കാനുള്ള അംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

**സേഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ അംഗങ്ങളായിട്ടുള്ളവർ ക്ലെയിം തുക Rs 1000/- ആയിരം രൂപ അടയ്ക്കാനുണ്ടെങ്കിൽ ടി തുക അസോസിയേഷൻ ജില്ലാ ഓഫീസിൽ ഏൽപ്പിക്കുകയോ കെ.എസ്.എസ്.എഫ് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.റ്റി.) അടച്ച് ടി വിവരം കെ.എസ്.എസ്.എഫ് ഹെഡ് ഓഫീസിൽ അറിയിക്കുകയോ ചെയ്യണം. ടി തുക അടയ്ക്കാതിരുന്നാൽ ലഭ്യമാകുന്ന അനുകൂല്യങ്ങൾ നഷ്ടപ്പെടും.**

**കൂടുതൽ വിവരങ്ങൾക്ക് : 0481-2567570, 0484-6538590 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണം**

# കേരളാ റബ്ബർ & മോൾഡ്സ് മാറ്റ് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ 3–ാമതു വാർഷിക പൊതുയോഗം

കേരളാ റബ്ബർ & മോൾഡസ് മാറ്റ് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ 3–ാമതു വാർഷിക പൊതുയോഗം 2010 നവംബർ 18–ാം തീയതി കോട്ടയം കെ.എസ്.എസ്.ഐ.എ ഹാളിൽ വച്ച് പ്രസിഡന്റ് ശ്രീ തോമസ്സ് തോമസ്സ് അറയ്ക്കത്തറയുടെ അദ്ധ്യക്ഷതയിൽ കൂടി. റബ്ബറിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും ക്രമാധീതമായ വില വർദ്ധനവ് ഈ വ്യവസായത്തെ വളരെ പ്രതികൂലമായി സാധിച്ചിരിക്കുകയാണെന്ന് യോഗം വിലയിരുത്തി. 2011 ജനുവരി 1–ാം തീയതി മുതൽ ഉല്പന്നങ്ങളുടെ വില 20% വർദ്ധിപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു. പുതിയ വർഷത്തെ ഭാരവാഹികളായി താഴെപറയുന്നവരെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | – | ശ്രീ. തോമസ്സ് തോമസ്, അറയ്ക്കത്തറ |
| സെക്രട്ടറി | – | ശ്രീ. ജോൺസൺ തോമസ് (ജോഷ് റബ്ബേഴ്സ്, പൂവൻതുരത്ത്) |
| ട്രഷർ | – | ശ്രീ. തോമസ് ജോൺ (കൺസോളിഡേറ്റ് വുഡ് ഇൻഡസ്ട്രീസ്) |
| വൈസ് പ്രസിഡന്റ് | – | ശ്രീ. കെ.ജെ. സ്കറിയ (സോഫയിൻ ഡക്കോർ) |
| ജോയിന്റ് സെക്രട്ടറി | – | ശ്രീ. പ്രവീൺ സഖറിയ (പ്രൊവിഡൻസ് റബ്ബേഴ്സ്) |

## CENTRAL ZONE MEETING REPORT

2010 നവംബർ 20–ാം തീയതി എർണാകുളത്തുവച്ച് Central Zone–ലുള്ള ജില്ലകളായ പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം എന്നിവടങ്ങളിലെ ജില്ലാ ഓഫീസ് ഭാരവാഹികളുടെ യോഗം സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ഡോ. ജോർജ്ജ് പി. തോമസ് വിളിച്ചുചേർക്കുകയുണ്ടായി. ഈ ജില്ലകളിൽ നിന്നുള്ള പൂർണമായ പ്രാധിനിദ്ധ്യം ഉണ്ടായിരുന്നു. കെ.എസ്.എസ്.ഐ.എ. യുടെ കെ.എസ്.എസ്.എഫിന്റെയും മെമ്പർഷിപ്പ് കൂട്ടുന്നതിനുംവേണ്ടിയുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു. കൂടാതെ പോല്യൂഷൻ കൺട്രോൾ ബോർഡ് അദാലത്ത്, സെയിൽറ്റാക്സിന്റെ വിവിധ നിയമ കുരുക്കുകൾ. റ്റി. ഒ.ഡി. മീറ്റർ സമ്പദായം എന്നിവ ചർച്ചചെയ്യുകയുണ്ടായി. തൃശ്ശൂർ ജില്ല സമർപ്പിച്ച നിവേദനം സ്റ്റേറ്റ് കമ്മിറ്റിയിൽ ചർച്ചചെയ്യുവാൻ തീരുമാനിച്ചു. അടുത്തയോഗം ഇടുക്കി ജില്ലാ പ്രസിഡന്റ് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്നാറിലുള്ള റിസോർട്ടിൽ വെച്ച് 2011 ഫെബ്രുവരി ചെയ്യാം എന്ന് അറയിച്ചു. ഏറെ വർഷത്തിനുശേഷം നടത്തിയ ഈ സെൻട്രൽ സോൺ ഓഫീസ് ഭാരവാഹികളുടെ മീറ്റിംഗ് വളരെ നല്ലതായിരുന്നു എന്നും തുടർന്നുള്ള മീറ്റിങ്ങുകൾ അനിവാര്യമാണെന്നും എല്ലാ അംഗങ്ങളും ആവശ്യപെട്ടു.

മീറ്റിംഗ് ഹോസ്റ്റ് ചെയ്ത എറണാകുളം ജില്ലക്ക് പ്രത്യേക അഭിനന്ദനങ്ങൾ അറിയിച്ചു.

**ഡോ. ജോർജ്ജ് പി. തോമസ്**
*സെൻട്രൽ സോൺ വൈസ് പ്രസിഡന്റ്*

## പ്രതികരണങ്ങൾ അറിയിക്കുക




തികച്ചും വ്യത്യസ്തമായൊരു മുഖഛായയോടെ നമ്മുടെ കുടുംബമാസികയായ 'വ്യവസായനാദം' വായനക്കാരുടെ കൈകളിൽ എത്തുന്നു.

ഇതിലെ വിഭവങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ അറിയിക്കുന്നതോടൊപ്പം മാസിക കൂടുതൽ ആകർഷകമാക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും വായനക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു.

താങ്കളുടെ പ്രതികരണങ്ങൾ എന്തുമായിക്കൊള്ളട്ടെ, അവ ഇന്നുതന്നെ, ഇപ്പോൾ തന്നെ അറിയിക്കുക.

**KSSIA, KOTTAYAM DISTRICT UNIT**
**No. XIV/105/A, Kottayam Municipal Industrial Estate,**
**Kodimatha, Kottayam - 686 039**
**E-mail: ktmsmallind@bsnl.in**